കേരള സർക്കാർ

# വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)*

നം.കെ.എസ്.എ/ഇ.കെ.എം.(ബിപി)1582/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :02.11.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടവുകോട് ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയുംഭാഗം 3 ലെ യും ഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം/(ബിപി) 1582/2019 തീയതി: 02.11.2019

<u>എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2018മുതൽ 31-07-2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | മിനിമോൾ കെ.ജി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
| 07-08-19മുതൽ<br>14-08-2019വരെ | സുരേഷ് .എസ്. - ഓഡിറ്റ് ഓഫീസർ<br>കവിത എസ് കണ്ണൻ-<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>രാജീവ് .ആർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.ഗൌരി വേലായുധൻ | 1-4-2018 മുതൽ 31-3-2019വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | സാലി ടി.സി | 01-04-18 മുതൽ 07-06-18വരെ |
| 2 | ശശികുമാർ പി | 08-06-18മുതൽ17-07-18വരെ |
| 3 | സാറാമ്മ കെ.യു | 18-07-18മുതൽ 23-09-18വരെ |
| 4 | ശശികുമാർ പി | 24-09-18മുതൽ 18-11-18വരെ |
| 5 | ഷൈമോൻ ജോസഫ് | 19-11-18-18മുതൽ 31-03-19വര |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ഉണ്ണിമോൻ എൻ.കെ | 01-04-2018മുതൽ- 31-03-2019 വരെ |
| 2 | സി.ഡി.പി.ഒ | പ്രീത .ആർ | 01-04-2018മുതൽ 31-03-19വരെ |
| 3 | എസ്.സി.ഡി.ഒ | വിൽസൺ മത്തായി | 01-04-2018-മുതൽ 31-03-2019വരെ |
| 4 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | പ്രിയ ജോസഫ് | 01-04-2018-മുതൽ 31-03-2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി കടയിരിപ്പ്) | ഡോ.രാജലക്ഷ്മി<br>അനിഷ് ബേബി | 01-04-2018-മുതൽ 03-03-2019 വരെ<br>04-03-2019-മുതൽ 31-03-2019 വരെ |
| 6 | വ്യവസായ വികസന ഓഫീസർ | ഷെമി .എ.ച്ച് | 01-04-2018മുതൽ 31-03-2019 വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | അമ്പിളി രവി | 01-04-2018-മുതൽ 31-03-2019 വരെ |
| 8 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എൻജിനീയർ | തങ്കച്ചൻ .പി.ജെ | 01-04-2018-മുതൽ 15-05-2018വരെ |
| | | ഇന്ദു. എസ്.എസ് | 16-05-2018-മുതൽ 07-06-2018വരെ |
| | | അമ്പിളി ടി.എ | 08-06-2018-മുതൽ 16-08-2018വരെ |
| | | സാറാസൂര്യ ജോർജ്ജ് | 17-08-2018-മുതൽ 31-03-2019വരെ |

| | | | |
|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി. വടവുകോട്) | ഡോ. സുജ അലോഷ്യസ് | 01-04-2018-മുതൽ 31-12-2018 വരെ |
| | | ഡോ.പ്രശാന്ത് .കെ | 01-01-2019മുതൽ 28-02-2019 വരെ |
| | | ഡോ. സുജ അലോഷ്യസ് | 01-03-2019-മുതൽ 30-03-2019 വരെ |
| | | ഡോ.നീതു .വി.പി | 31-03-2019 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം -2 | |
| 12 | രസീത്, കളക്ഷൻ, തുക ഒടുക്കൽ എന്നിവയിലെ അപാകതകൾ | 2-1 |
| 13 | വാടക, ജി.എസ്.റ്റി എന്നിവ ഈടാക്കിയതിൽ കുറവ് | 2-2 |
| 14 | കിലയിൽ നിന്നും ലഭിക്കാനുള്ള തുകകൾ ലഭിക്കുന്നില്ല. | 2-3 |
| 15 | വാർഷിക കണക്കുകളിലെ അപാകതകൾ | 2--4 |
| | ഭാഗം -3 | |
| 16 | വൈദ്യുതി ചാർജ് അധികം അടവാക്കി - തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 17 | പാലിയേറ്റീവ് കെയർ പദ്ധതി -അപാകതകൾ | 3-2 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയില്ല | 3-3 |

| | | |
|---|---|---|
| 19 | ഫർണിച്ചർ വാങ്ങൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതെ കരാറേൽപ്പിച്ചു | 3-4 |
| 20 | പത്രപരസ്യം - അർഹമായ ഡിസ്കൗണ്ട് കിഴിവ് ചെയ്യാതെ ബിൽ തുക നൽകി | 3-5 |
| 21 | വാഹനപരിപാലനം- അപാകതകൾ | 3-6 |
| 22 | കക്കാട് ലക്ഷംവീട് കോളനിയിൽ സാംസ്കാരിക നിലയം നിർമ്മാണം - അധികം നൽകിയത് 5680/- | 3-7 |
| 23 | SC/STവിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം - ധനസഹായത്തിനുള്ള അർഹത പരിശോധിക്കുന്നതിൽ വീഴ്ച | 3-8 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-9 |
| | ഭാഗം -4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 32 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | അനുബന്ധങ്ങൾ | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |


.

# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26-03-18 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2018 | 15.5.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം/ തീയതി | പരാമർശം |
|---|---|---|
| 2018-19 | KSAEKM – (PG) 1368 (3)/2019 dt. 24.8.19 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14519849 |
| വരവ് | 65450321 |
| ആകെ | 79970170 |
| ചെലവ് | 62299686 |
| നീക്കിയിരിപ്പ് | 17670484 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | അലോട്ട്മെന്റ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറല് (ACR പ്രകാരം) | 31772000 | 22278298 | 22278298 | 22278298 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 19852000 | 19142204 | 19142204 | 19142204 | 0 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | 552000 | 552000 | 552000 | 552000 | 0 |
| മെയിൻറനൻസ് , നോൺ റോഡ് (ACR പ്രകാരം) | 3769000 | 3768942 | 3768942 | 3768942 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ ട്രഷറി | | (-) 187373 | 2365598 | 2178225 | 677500 | 1500725 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | TSC | 1106048 | 109639 | 1215687 | 692976 | 522711 |
| | MKSP | 47 | 14278 | 14325 | 13396.5 | 929 |
| SBT IAY | | 12788852 | -- | 12788852 | 12786000 | 2852 |
| IAY State share | | 97919 | 1991 | 99910 | 88928 | 10982 |
| SBT സാക്ഷരത | | 2998 | -- | 2998 | 117 | 2881 |
| UBI Misc | | 72125 | -- | 72125 | 6564 | 65561 |
| IAY loan | | 25500 | -- | 25500 | -- | 25500 |
| IAY Corporation Bank Admin | | 21684 | 63980 | 85664 | 71594 | 14070 |
| Canara Bank Homestead | | 76306 | 4139 | 80445 | -- | 80445 |
| കോർപ്പറേഷൻ ബാങ്ക് ജോയിന്റ് വെഞ്ചർ അക്കൌണ്ട് ((SBT IAY നിന്നും TC ചെയ്തത് | ഗ്രാമ പഞ്ചായത്ത് | ഇല്ല | 4457833 | 4457833 | 600700 | 3857133 |
| | ജില്ലാ പഞ്ചായത്ത് | ഇല്ല | 7006645 | 7006645 | 900025 | 6106620 |
| CSR Fund | | -- | 4412487 | 4412487 | 1520964 | 2891523 |
| തനത് ഫണ്ട് | ട്രഷറി അക്കൌണ്ട് | 515743 | 8993575 | 9509308 | 6920766 | 2588552 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 95 | 80347122 | 75 | 50202020 | 19 | 1 | 79 |

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-08-2019 ന് ബ്ലോക്ക്പഞ്ചായത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1080 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചു പോരുന്നു.

2. ചരക്കുകളുടേയും സേവനങ്ങളുടേയുംവാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കുന്നില്ല.

4 വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

7 ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2-11-2018 മുതൽ 09-11-18 വരെ | 2017-18 | 12-03-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-3-18 | 2013-14 മുതൽ 2016-17വരെ | 10-12-18 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അപാകതകൾ ചുവടെ കൊടുക്കുന്നു.

1. RP (31) -ൽ വരവായി കാണിച്ചിരിക്കുന്ന 36,47,2018 രൂപയുടെ വിശദാംശം ബോധ്യപ്പെടുത്താനായില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 രസീത്, കളക്ഷൻ, തുക ഒടുക്കൽ എന്നിവയിലെ അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I,ചാപ്റ്റർ II 7(i) പ്രകാരം ട്രഷറി അക്കൌണ്ടിൽ നേരിട്ട് വരുന്ന തുകകൾക്ക് ബ്ലോക്ക് പഞ്ചായത്ത് രസീത് നൽകുന്നില്ല. (KFC VolI,ചാപ്റ്റർII 7(i) - When money is received on account of Govt. Dues, a receipt for the same received should be given so that the counterfoils of the receipt should always show the details of revenue realised.)എന്നാൽ ഇത് പ്രകാരം രസീത് നൽകാത്തതിന് ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

11.04.2019 ൽ ട്രഷറി അക്കൌണ്ടിൽ വന്ന 6,86,699 രൂപ, 08.05.19 ൽ വന്ന 10761 രൂപ,28,889 രൂപ,7433 രൂപ,19852 രൂപ. എന്നിവയ്ക്ക് രസീത് നൽകിയിട്ടില്ല.

2.ചാപ്റ്റർ II 7(iii) ഇങ്ങനെ പറയുന്നു. The officer immediately reponsible for the collection should keep the receipts for the amounts paid into the treasury. This is to ensure that all collections are being paid regularly to the treasury.

15.06.19 ലെ 119020100010 മുതൽ119020100013 വരെയുള്ള രസീതുകൾ പ്രകാരം ഇ.എം.ഡി യിനത്തിൽ സ്വീകരിച്ച 200x3=600 രൂപ ട്രഷറിയിൽ ഒടുക്കിയിട്ടില്ല. തുകകൾ മുതൽ കൂട്ടിയതിനുശേഷം പേമെന്റ് വൌച്ചർ പ്രകാരം തിരികെ നൽകുന്നതിന് പകരം ,തുക വരവു വെയ്ക്കാതെ തിരികെ നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള 2/13.8.2019-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ട്രഷറിയിൽ നേരിട്ട് വരുന്ന തുകകൾ നിർവഹണോദ്യോഗസ്ഥർ നിക്ഷേപിക്കുന്നതാണെന്നും അവർ യഥാസമയം ബ്ലോക്ക് പഞ്ചായത്തിൽ അറിയിക്കാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നുമാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം I ലെ നിബന്ധനകൾ അനുസരിച്ച് വരവുകളും ചെലവുകളും കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വാടക, ജി.എസ്.റ്റി എന്നിവ ഈടാക്കിയതിൽ കുറവ്

എസ്.ജി.എസ്. വൈ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പണികഴിപ്പിച്ച കെട്ടിടത്തിലെ താഴെപ്പറയുന്ന മുറികളുടെ വാടകയും ജി.എസ്.റ്റിയും (18%) ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വാടക ഈടാക്കിയിട്ടില്ലാത്ത കാലയളവ് | തുക | ജി.എസ്.റ്റി ഈടാക്കാത്ത കാലയളവ് | ജി.എസ്.റ്റി തുക | ആകെ |
|---|---|---|---|---|---|---|
| 1 | വാസ്ലോസ് ബ്യൂട്ടി പാർലർ | വാടക ഈടാക്കി | - | ജൂലൈ 18- മാർച്ച് 19(171x9) | 1539 | 1539 |
| 2 | ഫുഡ് സേഫ്റ്റി ഓഫീസ് | ഓഗസ്റ്റ് 18- മാർച്ച് 19 (2315x8 ) | 18520 | ഓഗസ്റ്റ് 18- മാർച്ച് 19(417x8) | 3336 | 21856 |
| 3 | ജനനി കുടുംബശ്രീ ബയോഗ്യാസ് | ഡിസംബർ 18- മാർച്ച് 19 (1103x4) | 4412 | ഡിസംബർ 18- മാർച്ച് 19(199x4) | 796 | 5208 |
| 4 | എഫ്.എൽ.പി, പി.എൻ.ബി | വാടക ഈടാക്കി | - | ജൂലൈ 18- മാർച്ച് 19(417x9) | 3753 | 3753 |
| 5 | ദർശന കുടുംബശ്രീ, മഴുവന്നൂർ | വാടക ഈടാക്കി | - | ജൂലൈ 18- മാർച്ച് 19(171x9) | 1539 | 1539 |
| ആകെ | | | 22,932 | | 10963 | 33,895 |

2. 14.08.18, 24.09.18 എന്നീ തീയതികളിൽ ഓഡിറ്റോറിയം വാടകയ്ക്ക് കൊടുത്തതിന്റെ വാടക 5000 രൂപ വീതം ഈടാക്കിയിട്ടുണ്ടെങ്കിലും, ബാധകമായ ജി.എസ്.റ്റി ഈടാക്കിയിട്ടില്ല.

5000 x18%=900x2= 1800 രൂപ

വാടക, ജി.എസ്.റ്റി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 കിലയിൽ നിന്നും ലഭിക്കാനുള്ള തുകകൾ ലഭിക്കുന്നില്ല.

എ). വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽവെച്ച് 11.12.17 മുതൽ 23.12.17 വരെ നടത്തിയ കിലയുടെ ജില്ലാ തല പരിശീലന പരിപാടിയിൽ ചെലവായ തുകയിൽ കിലയിൽ നിന്നും ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടക്കണം എന്ന വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 24,101/- രൂപ ഭാവന കുടംബശ്രീ ക്യാന്റീനു നൽകിയിട്ടുണ്ട്. 07.06.18 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.04/07 പ്രകാരമാണ് തുക നൽകിയത്.

ചെക്ക് നമ്പർ. 2623315 തീയതി.27.07.18 – 24,101/- രൂപ.

ബി) 12.02.18 മുതൽ 13.02.18 വരെ നടന്ന ലൈഫ് മിഷൻ പരിശീലന പരിപാടിയിൽ കൈയിൽ നിന്നും ചെലവായ 13,300/- രൂപ കിലയിൽ നിന്നും ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് തിരിച്ചടക്കണം എന്ന വ്യവസ്ഥയിൽ ഇതേ തീയതിയിലെ കമ്മിറ്റി തീരുമാനം.നം.04/08 പ്രകാരം താഴെപ്പറയുന്നവർക്ക് നൽകിയിട്ടുണ്ട്.

പി.ജി.കൃഷ്ണകുമാരി, ജനറൽ എക്സ്റ്റെൻഷൻ ഓഫീസർ- 7860/- രൂപ

എം.ജി. ദാസ്, വനിതാ ക്ഷേമ ഓഫീസർ - 5440/- രൂപ

എന്നാൽ കിലയിൽ നിന്നും ലഭിക്കാനുള്ള തുക നാളിതുവരെ ലഭിച്ചിട്ടില്ല. കിലയിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വിശദ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | പരിപാടിയുടെ പേര് | കിലയിൽ നിന്നും ലഭിക്കാനുള്ള തുക | ലഭിച്ച തുക | ബാക്കി |
|---|---|---|---|---|
| 1 | ജില്ലാതല പരിശീലന പരിപാടി | 125070 | 98000 | 27070 |
| 2 | ജാഗ്രതോത്സവം | 27,090 | 21000 | 6090 |
| 3 | ലൈഫ് മിഷൻ | 22440 | 17000 | 5440 |
| ആകെ | | 1,74,600 | 1,36,000 | 38600 |

കിലയിൽ നിന്നും തുക ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 6-ാം നമ്പർ തീ. 13.8.2019 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. കിലയിൽ നിന്നും ലഭിക്കാനുള്ള തുക സാംഖ്യയിൽ ലഭിക്കാനുള്ള തുകയായി ചേർത്തിട്ടുമില്ല. തുക ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും അക്രൂവൽ അടിസ്ഥാനത്തിലുള്ള സോഫ്റ്റ് വെയറായ സാംഖ്യയിൽ ഇങ്ങനെയുള്ള തുകകൾ ലഭിക്കാനുള്ള തുകയായി ഭാവിയിൽ ചേർക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 വൈദ്യുതി ചാർജ് അധികം അടവാക്കി - തുക തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 57/19 |
| പ്രോജക്ടിന്റെ പേര് | ദൈനംദിന ആശുപത്രി ചെലവുകൾ |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി വടവുകോട് |
| ഫണ്ട് | മെയിന്റനൻസ് നോൺ റോഡ് |
| അടങ്കൽ | 1,50,000/- |
| ചെലവ് | 1,50,000/- |

തൻവർഷം 71924/- രൂപ വൈദ്യുതിചാർജിനത്തിൽ കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ട്. (ബിൽ.നം- 19/18-19, തീയതി 21.12.18). കെ.എസ്.ഇ.ബി യുടെ ഡിമാന്റ് നോട്ടീസ് പ്രകാരം വിവിധ അഡ്ജസ്റ്റ്മെന്റുകൾക്ക് ശേഷം അടവാക്കേണ്ട തുക പൂജ്യം എന്ന് (Net Payable – zero) രേഖപ്പെടുത്തിയിരുന്നിട്ടും താഴെപ്പറയുന്ന ബില്ലുകളിന്മേലുള്ള തുകകൾ കെ.എസ്.ഇ.ബി യിൽ അടവാക്കിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് മറുപടി നൽകിയില്ല. (നം- 4/13.8.19)

| ക്രമ നം | കൺസ്യൂമർ നം | ബിൽ നം, തീയതി | അടവാക്കിയ തുക, തീയതി |
|---|---|---|---|
| 1 | 1155556003362 | 5555180403628<br>7.4.18 | 2980<br>3.5.18 |
| 2 | 1155556003363 | 5555180403629<br>7.4.18 | 2719<br>3.5.18 |
| 3 | 1155556003364 | 5555180403627<br>7.4.18 | 2036<br>3.5.18 |
| 4 | 1155556003368 | 5555180403630<br>7.4.18 | 120<br>3.5.18 |
| 5 | 1155556009881 | 5555180403631<br>7.4.18 | 4839<br>3.5.18 |
| 6 | 1155556003368 | 5555181004193<br>8.10.18 | 979<br>5.11.18 |
| ആകെ | | | 13673 |

13673 രൂപ വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ആയത് വരെ ഈയിനത്തിൽ ചെലവ് ചെയ്ത 13673 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 പാലിയേറ്റീവ് കെയർ പദ്ധതി -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 48/19 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പ്രോജക്ട്(സെക്കണ്ടറി) |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി വടവുകോട് |
| അടങ്കൽ | 10,09,180<br>( വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | 10,09,180<br>(വികസന ഫണ്ട്) |

സി.എച്ച്.സി വടവുകോട് മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്റ്റിൽപ്പെടുത്തി ഏതാനും സിവിൽ വർക്കുകൾ പാലിയേറ്റീവ് ഫണ്ടുപയോഗിച്ച് ചെയ്തതായി കാണുന്നു. പാലിയേറ്റീവ് കെയർ മാർഗരേഖ 2015, പ്രകാരം പാലിയേറ്റീവ് രോഗികൾക്കായി മരുന്ന്, മറ്റ് പരിചരണ സാമഗ്രികൾ, റഫറൽ സൗകര്യം, പെൻഷൻ തുടങ്ങിയ സേവനങ്ങൾ, ബോധവൽക്കരണ പരിപാടികൾ,പുനരധിവാസ പ്രവർത്തനങ്ങൾ, തുടർ പരിശീലനം എന്നിവ പ്രോജക്റ്റിന്റെ ഭാഗമായി നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശമുണ്ട്. മാർഗരേഖയിലെ ഖണ്ഡിക 4ൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ സിവിൽ വർക്ക് ഏറ്റെടുക്കാമെന്ന് മാർഗരേഖയിലൊരിടത്തും പ്രതിപാദിച്ച് കാണുന്നില്ല. മാത്രമല്ല മരുന്ന്, ട്രെയിനിംഗ്, ഉപകരണങ്ങൾ വാങ്ങൽ, വാഹന വാടക എന്നീ നാലിനങ്ങളാണ് പ്രോജക്റ്റ് പ്രകാരം നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികളായി പ്രോജക്റ്റ് രൂപീകരണ ഫോറത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഇലക്ട്രിഫിക്കേഷൻ/മരാമത്ത് പ്രവൃത്തിയും ചെയ്തതായി കാണുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് ( നം- 5/13.8.19) മറുപടി നൽകിയില്ല.

1) ബിൽ.നം- 8/18-19 തീയതി 25.7.18 തുക 50076/-

50076/- രൂപയിൽ 24770/-രൂപ പാലിയേറ്റീവ് സെക്കണ്ടറി യൂണിറ്റിന്റെ മുറി, ഫാനും മറ്റും ഘടിപ്പിച്ച് സജ്ജമാക്കുന്നതിലേക്ക് ചന്ദ്രൻ ടി കെ എന്ന വ്യക്തിക്ക് നൽകി ചെലവഴിച്ചിരിക്കുന്നു.

2) ബിൽ.നം- 26/18-19 തീയതി 21.1.19 തുക 24440/-

നേരത്തെ സജ്ജമാക്കിയ പാലിയേറ്റീവ് സെക്കണ്ടറി യൂണിറ്റിന്റെ മുറിയുടെ തറ വിനൈൽ ഫ്ലോറിംഗ് ചെയ്തതിലേക്ക് ജയേഷ്.റ്റി.ഡി എന്ന കരാറുകാരന് 24440/- രൂപ നൽകിയിരിക്കുന്നു.
സിവിൽ വർക്കുകൾ നിർവഹിക്കുന്നതിലേക്ക് പഞ്ചായത്തിന്റെ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാമെന്നിരിക്കെ വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി തീർത്തും മിതവ്യയത്തോടെ ചെലവഴിക്കേണ്ട പാലിയേറ്റീവ് ഫണ്ട് ഇത്തരത്തിൽ വിനിയോഗിക്കുന്ന പ്രവണത കർശനമായും ഒഴിവാക്കേണ്ടതും മാർഗരേഖക്കനുസൃതമായി മാത്രം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-3 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 103/19 , പുത്തേത്ത് മുകൾ-<br>പോത്തനാംപറമ്പ് എസ്.സി<br>കോളനിയിൽ പൈപ്പ് ലൈൻ |

| | |
|---|---|
| | എക്സ്റ്റൻഷൻ |
| അടങ്കൽ | 5,00,000/- (എസ്.സി.പി) |
| ചെലവ് | 5,00,000/- (എസ്.സി.പി) |
| ബിൽ നം.,തീയതി | 16/18-19 ; 28.10.18 |
| നിർവഹണഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

കുന്നത്തുനാട് പഞ്ചായത്തിലെ രണ്ട് എസ്.സി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേക്ക് 2018-19 സാമ്പത്തികവർഷം 5 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. അതോറിറ്റിയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്ര പ്രകാരം ( നം-A1-P-8758/18, 15.5.19 ) തൻവർഷം 4,71,589/-രൂപ പ്രവൃത്തി നിർവഹണത്തിനായി ചെലവഴിച്ചിട്ടുണ്ടെന്ന് കാണുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന 28,411 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.(എൻക്വയറി നം- 9/14.8.19).ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 3-4 ഫർണീച്ചർ വാങ്ങൽ -സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാതെ കരാറേൽപ്പിച്ചു-

| | |
|---|---|
| പ്രൊജക്ട് നം,പേര് | SO86/19<br>ബ്ലോക്ക് പഞ്ചായത്ത് കാന്റീനിലേക്കും ഓഫീസിലേക്കും ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 3,00,000/- (തനത് ഫണ്ട്) |
| ചെലവ് | 1,16,407/- (തനത് ഫണ്ട്) |
| ചെക്ക് നം.,തീയതി | 2623311/12.7.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലേക്കും കാന്റീനിലേക്കും മേശയും കസേരയുമടങ്ങുന്ന ഫർണിച്ചർ വാങ്ങുന്നതിലേക്ക് ക്ഷണിച്ച ടെണ്ടറിൽ (ലിമിറ്റഡ് ടെണ്ടർ) 6 സ്ഥാപനങ്ങൾ പങ്കെടുക്കുകയും അവയിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (1,16,407/-) അൽനിക്കോ ഇൻഡസ്ട്രീസ്, കുവപ്പടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് കരാറിലേർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ നിർവഹണത്തിലുണ്ടായ അപാകതകൾ താഴെപ്പറയുന്നു.

1) ലിമിറ്റഡ് ടെണ്ടർ രീതിയാണ് അവലംബിക്കുന്നതെങ്കിൽ അതിനുള്ള കാരണങ്ങൾ പർച്ചേസിംഗ് ഓഫീസർ രേഖപ്പെടുത്തണമെന്ന് സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 7.9 ലും കെ.എഫ്.സി ആർട്ടിക്കിൾ 126 ( ബി) (8) ലും നിർദേശിക്കുന്നു.എന്നാൽ അപ്രകാരമൊരു വിശദീകരണം ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥൻ ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. പ്രസ്തുത ഫർണിച്ചർ ഉൽപ്പാദിപ്പിക്കുന്ന കമ്പനിയിൽ ഭരണസമിതി അംഗങ്ങൾ നേരിട്ട് സന്ദർശിച്ച് ഗുണമേൻമ ബോധ്യപ്പെട്ടതിനാലാണ്

ലിമിറ്റഡ് ടെണ്ടർ രീതി അവലംബിച്ചതെന്നാണ് എൻക്വയറിക്കുള്ള (നം- 11/14.8.19) മറുപടിയായി അധികൃതർ അറിയിച്ചിട്ടുള്ളത്.എന്നാൽ ഫർണിച്ചറുകളുടെ ഗുണമേൻമ സംബന്ധിച്ച് യാതൊരു അഭിപ്രായവും പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

2) കരാർ തുക ഒരു ലക്ഷത്തിന് മേലുള്ള ടെണ്ടറുകളിൽ കരാറിലേർപ്പെടുന്നതിന് മുമ്പ്തന്നെ കരാർ തുകയുടെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി വാങ്ങേണ്ടതുണ്ട്.(സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8.19) .എന്നാൽ മേൽ പ്രവൃത്തിയിൽ ഡെപ്പോസിറ്റ് വാങ്ങാതെയാണ് കരാറേൽപ്പിച്ചതെന്ന് കാണുന്നു. ടെണ്ടർ നടപടിയിലുണ്ടായ ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്റ്റോർ പർച്ചേസ് മാന്വലിനനുസൃതമായി പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പത്രപരസ്യം - അർഹമായ ഡിസ്കൗണ്ട് കിഴിവ് ചെയ്യാതെ ബിൽ തുക നൽകി

| | |
|---|---|
| പ്രൊജക്ട്നം<br>പേര് | എസ് 1/19<br>പദ്ധതി രൂപീകരണം, മോണിട്ടറിംഗ് |
| അടങ്കൽ | 1,36,024/- (വികസനഫണ്ട്)<br>13,976/- (തനത് ഫണ്ട്) |
| ചെലവ് | 1,15,184/- (വികസനഫണ്ട്)<br>1) ബിൽ .നം - 18 /18-19,<br>തീ - 21.11.18, തുക- 62,100/-<br>2) ബിൽ .നം - 35 /18-19,<br>തീ - 20.3.19, തുക- 53,084/- |

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ, ബിൽ .നം - 35/18-19 പ്രകാരം പത്രപരസ്യം, റീഫ്രഷ്മെന്റ് ചാർജ്, ശിലാഫലകം എന്നീ ഇനങ്ങൾക്കായി ആകെ 53,084/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 30324/-രൂപ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച വകയിൽ വീക്ഷണം ദിനപത്രത്തിന് നൽകിയിട്ടുള്ളതാണ്.എന്നാൽ സ്ഥാപനത്തിന്റെ ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അർഹമായ ഡിസ്കൗണ്ട് കുറവ് ചെയ്യാതെയാണ് പരസ്യചാർജ് നൽകിയതെന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വീക്ഷണം ബിൽ നം,തീ | ഡിസ്ക്കൌണ്ടിന് ശേഷം അടവാക്കേണ്ട തുക | അടവാക്കിയ തുക | അധികം അടവാക്കിയ തുക |
|---|---|---|---|---|
| 1 | 40053/27.12.18 | 4748 | 5586 | 838 |

| | | | | |
|---|---|---|---|---|
| 2 | 36754/3.8.18 | 3392 | 3990 | 598 |
| 3 | 40861/5.2.19 | 3392 | 3990 | 598 |
| 4 | 41197/16.2.19 | 3392 | 3990 | 598 |
| 5 | 41391/22.2.19 | 2713 | 3192 | 479 |
| 6 | 41393/22.2.19 | 4748 | 5586 | 838 |
| 7 | 41152/28.2.19 | 3392 | 3390 | 598 |
| ആകെ | | | | 4547 |

ഇത് സംബന്ധിച്ച് നൽകിയ 4/14.8.19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ടി തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഡിസ്കൗണ്ടിനത്തിൽ നഷ്ടമായ തുക വരും ബില്ലുകളിൽ ക്രമീകരിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 3-6 വാഹനപരിപാലനം- അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിന്റെ വാഹനമായ KL-40-G-2054 കാറിന്റെ എയർ കണ്ടീഷനർ റിപ്പയറിനായി, ചെക്ക് നമ്പർ 2623380/30.01.19, ബിൽ നം. 960/11.01.19 എന്നിവ പ്രകാരം മണികണ്ഠൻ ഓട്ടോമൊബൈൽസിന് 13000/- രൂപ നൽകിയിട്ടുണ്ട്.

2. റിവേഴ്സ് ക്യാമറ ഫിറ്റ് ചെയ്യുന്നതിന് ബിൽ നം. 909/21.08.18 പ്രകാരം 6250/- രൂപയും പാച്ച് വർക്ക്, പെയിന്റിംഗ് എന്നിവയ്ക്കായി ബിൽ നം. 908/14.08.18 പ്രകാരം 10850/- രൂപയും മണികണ്ഠൻ ഓട്ടോമൊബൈൽസിന് നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 262332/13.09.18 – 39,650 .)

മണികണ്ഠൻ ഓട്ടോമൊബൈൽസിന് ജി.എസ്.റ്റി. രജിസ്ട്രേഷനുള്ളതായി അവരുടെ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.
പ്രസിഡന്റിന്റെ വാഹനമായതിനാൽ മുൻകൂട്ടി കാണാൻ പറ്റാത്ത റിപ്പയറിങ്ങുകൾ അഡ്വാൻസ് ചെയ്യാതെ കൂടുതൽ ദിവസം വർക്ക് ഷോപ്പിൽ കിടക്കാതെ റിപ്പയർ ചെയ്തു കിട്ടുന്നതിനാണ് ഗവൺമെന്റ് അംഗീകാരമുള്ള മണികണ്ഠൻ ഓട്ടോമൊബൈൽസിൽ റിപ്പയർ ചെയ്തുവരുന്നതെന്നാണ് ഇത് സംബന്ധിച്ച നൽകിയ 7/13.8.2019-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

വലിയ റിപ്പയറിംഗ് വർക്കുകൾ കാറിന്റെ നിർമ്മാതാക്കളായ ടൊയോട്ടോയുടെ വർക്ക് ഷോപ്പിൽ നൽകാതെ ജി.എസ്.റ്റി രജിസ്ട്രേഷൻ പോലുമില്ലാത്ത സ്ഥാപനത്തിന് നൽകുന്നത് ശരിയായ നടപടിയല്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 കക്കാട് ലക്ഷംവീട് കോളനിയിൽ സാംസ്കാരിക നിലയം നിർമ്മാണം - അധികം നൽകിയത് 5680/-

| | |
|---|---|
| പ്രോജക്ട് | കക്കാട് ലക്ഷംവീട് കോളനിയിൽ സാംസ്കാരിക നിലയം |
| നമ്പർ | S0091/19 |
| കരാർ | ജോബി ജോസഫ് (ഐറ്റം റേറ്റ്) |
| ചെലവ് | ബിൽ നം 11/22.11.18 രൂപ 649408 |
| അളവുപുസ്തകം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സി . എഞ്ചിനിയർ |

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ കക്കാട് ലക്ഷംവീട് കോളനിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയിൽ 6 കോളം നിർമ്മിച്ചിട്ടുണ്ട്. (അളവു പുസ്തകം പേജ് 14 --- 6 x 0.30x0.20x2.70 = 0.972 m3), ഇവ ഭിത്തിയുടെ ഭാഗമായി വരുന്നതിനാൽ സോളിഡ് ബ്രിക് മേസനറി എന്ന ഇനം ചെയ്ത അളവിൽ നിന്നും കുറവു ചെയ്യേണ്ടതായിരുന്നു. ഇത് കുറവു ചെയ്യാതെ കരാറുകാരന് തുക അനുവദിച്ചതിനാൽ അധികം നൽകാനിടയായി. അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സോളിഡ് ബ്രിക് മേസനറി (ഇനം 9) അനുവദിച്ചത് | $16m^3$ @5844.38 = 93510 |
| കുറവു ചെയ്യേണ്ട അളവ് 6x0.30x0.20x2.70 | $0.972\ m^3$ |
| അനുവദിക്കാവുന്ന അളവും തുകയും | $15.028m^3$ @ 5844.38 = 87830/- |
| അധികം നൽകിയത് | 93510-87830= 5680 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 13-ാം നമ്പർ തീയതി. 14.8.2019 ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല.

## 3-8 SC/STവിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം - ധനസഹായത്തിനുള്ള അർഹത പരിശോധിക്കുന്നതിൽ വീഴ്ച

| | |
|---|---|
| പ്രോജക്ട് | SC/STവിദ്യാർത്ഥികൾക്ക് പഠന മുറി നിർമ്മാണം |
| നമ്പർ | S0012/19 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

SC/STവിദ്യാർത്ഥികൾക്ക് പഠന സൌകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. നിലവിലുള്ള 800ചതുരശ്ര അടിയിലധീകരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിലധീകരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിനാണ് ധനസഹായം നൽകാവുന്നത്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ )800 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തൃതിയുള്ള വീടിന് ധനസഹായം.

ധനസഹായം കൈപ്പറ്റിയവരുടെ ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രം അനുസരിച്ച് നിലവിലുള്ള വീടിന് 800ചതുരശ്ര അടിയിൽ കുറവാണ് വിസ്തീർണമെങ്കിലും അപേക്ഷയോടൊപ്പം ഹാജരാക്കിയ പ്ലാൻ അനുസരിച്ച് 800ചതുരശ്ര അടിയിൽകൂടുതൽ വിസ്തൃതിയുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ധനസഹായം കൈപ്പറ്റിയാളുടെ പേര് വിവരം | സാക്ഷ്യപത്രം അനുസരിച്ച് നിലവിലുള്ള വീടിന്റെ വിസ്തീർണം | പ്ലാൻഅനുസരിച്ചുള്ള വിസ്തീർണം | റിമാർക്സ് |
|---|---|---|---|
| വേലായുധൻ പട്ടാട്ട്,വെമ്പള്ളി പി.ഒ | 75 $m^2$ | ഗ്രൌണ്ട് ഫ്ലോർ - 73.89 $m^2$ ഹെഡ് റൂം -6.05 $m^2$ ആകെ -- 79.94 $m^2$ (860 ചതുരശ്ര അടി ) | കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ അസിസെക്രട്ടറിയുടെ സാക്ഷ്യപത്രം |
| സാബു .കെ.കെ കൊളത്തായിക്കോട്ടിൽ പിണർമുണ്ട | 65.94 $m^2$ | 78.12$m^2$ ( 840 ചതുരശ്ര അടി) | - ടി- |

ബി ) 120 ചതുരശ്ര അടിയിലധികരിച്ച് നിർമ്മിച്ച പഠനമുറിക്ക് ധനസഹായം

ശ്രീ. നാരായണൻകുട്ടി, പറമ്പാത്ത്, വടയമ്പാടി അപേക്ഷയോടൊപ്പം ഹാജരാക്കിയ പൂതൃക്ക ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നൽകിയ പ്ലാൻ അനുസരിച്ച് നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തീർണം 19.37$m^2$ (208ചതുരശ്ര അടി) ആണ്. ഇത് നിർമ്മിച്ചതിന് ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനിയറുടെ മൂല്യനിർണയ സാക്ഷ്യപത്രമനുസരിച്ച് 222307/-രൂപ മൂല്യം വരുന്നുണ്ട്. ഇതു പ്രകാരം 2ലക്ഷം രൂപ ടിയാന് അനുവദിച്ചിട്ടുണ്ട്.120 ചതുരശ്ര അടിയിലധീകരിച്ച് നിർമ്മിച്ച പഠനമുറിക്ക് ധനസഹായം നൽകിയത് ക്രമപ്രകാരമല്ല.

മേൽപ്പറഞ്ഞതിൽ നിന്നും അനർഹരായവർ ധനസഹായം കൈപ്പറ്റി എന്ന് വ്യക്തമാണ്. അതിനാൽ രേഖകൾ കൃത്യമായി പരിശോധിച്ച് തികച്ചും അർഹരായവർക്ക് മാത്രം ധനസഹായം നൽകുവാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 6 ഗ്രാമപഞ്ചായത്തുകൾക്കും പദ്ധതിപ്പണം കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(I)

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 22/19<br>ലൈഫ് ഭവന നിർമാണം (ജനറൽ) |
| അടങ്കൽ | 63,54,400/- (വികസനഫണ്ട്) |
| ആകെ ചെലവ്<br><br>ചെലവ് വിവരം | 63,54,400/-<br>1)30,00,000/-<br>(ബിൽ .നം- 5/18-19, തീ 29.6.18)<br>2)28,00,000/-<br>(ബിൽ .നം- 6/18-19,തീ 17.7.18)<br>3) 3,54,400/-<br>(ബിൽ .നം- 10/18-19, തീ 26.9.18)<br>4)2,00,000/-<br>(ബിൽ .നം- 11/18-19, തീ 26.9.18) |
| ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയതിന്റെ വിവരം | വടവുകോട്, ഐക്കരനാട്, പൂതൃക്ക തിരുവാണിയൂർ,മഴവന്നൂർ,കുന്നത്തുനാട് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വീതം 30 ലക്ഷം രൂപ |
| | പൂതൃക്ക (5 ലക്ഷം ),<br>തിരുവാണിയൂർ (5 ലക്ഷം ), മഴവന്നൂർ (10 ലക്ഷം), കുന്നത്തുനാട് ( 8 ലക്ഷം ) - ആകെ 28 ലക്ഷം രൂപ. |
| | തിരുവാണിയൂർ പഞ്ചായത്തിന്<br>3,54,400/- രൂപ |
| | മഴവന്നൂർ പഞ്ചായത്തിന്<br>2,00,000/- രൂപ |

(II)

| | |
|---|---|
| പ്രൊജക്ട് നം. പേര് | എസ്. 34/19<br>ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) |
| അടങ്കൽ | 40,80,800/- (എസ്.സി.പി ഫണ്ട്) |
| ആകെ ചെലവ് | 40,80,800/- |
| ചെലവ് വിവരം | 1) 10,00,000/-<br>(ബിൽ നം. 7/18-19,<br>തീയതി. 17.7.18) |

| | |
|---|---|
| | 2) 14,00,000/-<br>(ബിൽ നം. 12/18-19,<br>തീയത . 26.9.2018<br><br>3) 16,80,800/-<br>(ബിൽ നം. 22/18-19,<br>തീയതി 29.11.18 |
| ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയതിന്റെ വിവരം | 1) കുന്നത്തുനാട് 1,00,000/-<br>തിരുവാണിയൂർ – 9,00,000/-<br><br>2) കുന്നത്തുനാട് 14,00,000/-<br><br>3) മഴുവന്നൂർ 16,80,800/- |

(III)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 42/19<br>ഐ.കെ.എം വിഹിതം |
| അടങ്കൽ | 52,176/- (വികസനഫണ്ട്) |
| ചെലവ് | 52,176/- (വികസനഫണ്ട്)<br>ബിൽ .നം - 4 /18-19, തീ - 20.6.18 |

(IV)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 97/19<br>കുന്നത്തുനാട് പഞ്ചായത്ത് - അധികാരിമൂല, 32 നം അങ്കണവാടി നിർമ്മാണം - ബാലൻസ് പ്രവൃത്തിക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | 2,50,000/- (വികസനഫണ്ട്) |
| ചെലവ് | 2,50,000/- (വികസനഫണ്ട്)<br>ബിൽ .നം - 17/18-19, തീ - 21.11.18 |

(V)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 104/19<br>തിരുവാണിയൂർ പഞ്ചായത്ത് - പ്ലാസ്റ്റിക്ക് കളക്ഷൻ യൂണിറ്റിന് വിഹിതം കൈമാറൽ |
| അടങ്കൽ | 5,00,000/- (വികസനഫണ്ട്) |
| ചെലവ് | 5,00,000/- (വികസനഫണ്ട്)<br>ബിൽ .നം - 21/18-19, തീ - 29.11.18 |

(VI)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | 118/19<br>മഴുവന്നൂർ പഞ്ചായത്ത് - ലൈഫ് ഭവന നിർമാണ പദ്ധതിക്ക് വിഹിതം കൈമാറൽ |
| അടങ്കൽ | 5,00,000/- (റ്റി.എസ്.പി) |
| ചെലവ് | 5,00,000/- (റ്റി.എസ്.പി) |

| | |
|---|---|
| | ബിൽ .നം - 24/18-19, തീ - 21.12.18 |

മേൽപ്പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും പൂർണമായി ലഭിച്ചിട്ടില്ല. സാക്ഷ്യപത്രം ലഭിക്കുന്നതിന് വിധേയമായി ഈയിനത്തിൽ ചെലവഴിച്ച ആകെ തുകയായ 1,17,37,376/-രൂപ തടസപ്പെടുത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2018-19 | 570000 | ഇഞ്ചപ്പുഴ ലിഫ്റ്റ് | 70000 | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പുത്തേത്ത് മുകൾ പോത്താനം പറമ്പ് എസ്.സി കോളനികളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 16-18/19, 28.10.18 | 500000 | 443178 | 28411 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | യുണ്ടായിരുന്ന തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | 90/13 തസ്വഭവ 14.3.13 | 72 ലക്ഷം | 5668300 | 1091 500 | | 4576800 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2003-04 | 3-9 | 2014-15 | | ഊന്ന്കല്ല് നിരപ്പ് കോളനി ജലസേചനം | മറ്റൊരു കുടിവെള്ള പദ്ധതി സമീപത്ത് ആരംഭിച്ച്തിനാൽ ഇനി കൂട്ടതൽ തുക ചെലവഴിക്കേണ്ടെന്നു തീരുമാനിച്ചു. |
| 2005-06 | 3-10 | 2007-08 | | പട്ടികജാതി തൊഴിൽ പരിശീലനം | 01-07-19 ൽ ഗ്രാമ വികസന കമ്മീഷണർക്ക് മറുപടി നൽകി |
| 2005-06 | 3-11 | 2007-08 | | പട്ടികജാതി വനിത കമ്പ്യൂട്ടർ പരിശീലനം | -ടി- |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65450321` |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 62299686 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5680 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11751049 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 5680 | സാറാ സൂര്യ ജോർജ്ജ്, അസി. എക്സിഎഞ്ചിനിയർ |
| ആകെ | | 5680 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 13673 | സാലി റ്റി സി,<br>സെക്രട്ടറി – 12694/-<br>ശശികുമാർ പി ,<br>സെക്രട്ടറി- 979/- |
| 3-9 | 11737376 | ശ്രീ ശശികുമാർ പി ,<br>സെക്രട്ടറി- 8806576/-<br>ശ്രീ ഷൈമോൻ ജോസഫ് ,<br>സെക്രട്ടറി- 2930800/- |
| ആകെ | 11751049 | |

.

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം – 2.2

12763/-രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാറാ സൂര്യ ജോർജ്ജ്, അസി. എക്സിഎഞ്ചിനിയർ | അസി. എക്സിഎഞ്ചിനിയർ, LSGDസബ്ഡിവിഷൻ , വടവുകോട് | ഞാറ്റതോട്ടിയിൽ ഹൌസ്, കോലഞ്ചേരി |
| സാലി റ്റി സി, സെക്രട്ടറി | JBDO, ആലങ്ങാട് ബ്ലോക്ക് | മാലം, ഒളനാട്, വരാപ്പുഴ – 683517 |
| ശശികുമാർ പി, സെക്രട്ടറി | വിരമിച്ചു | ലക്ഷ്മി വിലാസ് (H), ഐരപുരം പി.ഒ- 683541 |
| ശ്രീ ഷൈമോൻ ജോസഫ്, സെക്രട്ടറി | സെക്രട്ടറി. വടവുകോട് ബ്ലോക്ക് പഞ്ചായത്ത് | എടയിടത്ത് ഹൌസ് വെതേൽ പി.ഒ ഇടുക്കി-685514 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 മുതൽ 2009-10 വരെ 2011-12 മുതൽ 2014-15, 2015-16 വരെ | KSA EKM(BP) 1291/19 dt.9.10.2019 |
| 2017-18 | KSA EKM(BP) 282/19 11.03.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

## അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1413/2018/ത.സ്വ.ഭ.വ. ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ജോയിന്റ് ഡയറക്ടർ

2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിലെ അപാകതകൾ

1. ഷെഡ്യൂൾ I 17 (a) പരിശോധിച്ചതിൽ ബിൽഡിംഗ് ഒഴികെയുള്ള ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.

2. മുൻവർഷത്തെ തുകകൾ തന്നെയാണ് തൻവർഷവും ഡിപ്രീസിയേഷനായി എല്ലാ ആസ്തികളിൻ മേലും രേഖപ്പെടുത്തിയിരിക്കുന്നത് (ഷെഡ്യൂൾ B 11 )

3. Contractors EMD ഹെഡിൽ ( കോഡ്-340100101) RP 38 പ്രകാരം വരവുള്ള 6200/- രൂപ മൈനസ് ഫിഗറിലാണുള്ളത്.

4. കാനറ ബാങ്ക് IAY HOME STEAD ന്റെ ബാലൻസ് തുകകൾ B 4 ഷെഡ്യൂളിലും ( കോഡ്- 320100199- 83297/-) B 17 ഷെഡ്യൂളിലും (80445/-) വ്യത്യാസപ്പെട്ടിരിക്കുന്നു.

5. Rent from Halls and Auditoriums ഇനത്തിൽ രസീത്.നം 118020100018, 14.8.18 പ്രകാരം 6000/- രൂപയും രസീത്.നം 118020100027, 24.9.18 പ്രകാരം 6000/- രൂപയും ഉൾപ്പെടെ ആകെ 12000/- രൂപ തൻവർഷം വരവുണ്ട്. എന്നാൽ RP3പ്രകാരം കാണിച്ചിരിക്കുന്ന വരവ് 9000/- രൂപയാണ്.

6. ഇ ടെണ്ടർ ഫോമിന്റെ വില കൃത്യമായി ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ ടി ഇനത്തിൽ ഇനിയും കിട്ടേണ്ടുന്ന തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി കാണുന്നില്ല.

7. ഷെഡ്യൂൾ B1പഞ്ചായത്ത് ഫണ്ട് – Excess of Income Over Expenditure -ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല.

8.Other Liability എന്ന ഹെഡിലും ( കോഡ്-350800299) , Other-Miscellaneous

Expenditure written offഎന്ന ഹെഡിലും (കോഡ്- 480309901) കാണുന്ന തുകകൾ (യഥാക്രമം 3500/-, 875/-) സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്

.

ജോയിന്റ് ഡയറക്ടർ

.

ANNEXURE I

AUDIT CERTIFICATE

Certified that I have examined the Annual Financial Statement

of Vadavukode Block Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of Vadavukode Block Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

.

JOINT DIRECTOR

ANNEXURE II

Defects Identified on Verification of Vadavukode Block Panchayat Annual Financial Statement for the Year 2018-19

1. On verification of schedule I- 17 (a), depreciation is calculated on building only. Other assets are not charged with depreciation.

2. The rate of depreciation levied on fixed assets are same as previous year. (schedule B-11)

3. The Contractors EMD (Rs. 6200/-) in RP 38 is in negative balance.

4. The closing balance Canara Bank IAY HOME STEAD differs in B4 (83297/-) & B-17 (80445/-) schedules.

5. As per receipts dated. 14.8.2018, 4.9.2018, the amount collected as rent from auditorium & halls is Rs. 12000/- . But as per RP -3, the income in that head is Rs. 9000/- only

6. Since the cost of E- Tender form is not demanded correctly, the amount yet to be received in this head is not included in AFS.

7. The amount of excess of income Over expenditure marked in schedule B1. Panchayath fund is not accurate.

8. The details of amount in the heads, Other liabilities (Rs. 3500), Other Miscellaneous Expenditure written off (875/-) are not furnished.

9. Rs. 174600/- was incurred for the purpose of various training programs

conducted On behalf of KILA. Out of this Rs. 136000/- is refunded. Balance amount of Rs. 38600/- is not received till date and these transactions are not included in AFS.

10. Asset Register is not updated with Saankhya – Sanchaya Software.

JOINT DIRECTOR

ERNAKULAM